"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് - പതിനൊന്നാം കാർഷിക സെൻസസിന്റെ രണ്ടും മൂന്നും ഘട്ട സർവേയുടെ വിവര ശേഖരണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.337/2024/P&EA തീയതി, തിരുവനന്തപുരം, 07-09-2024

---

പരാമർശം:-
1. കാർഷിക സെൻസസ് അഡ്വൈസറുടെ 09.05.2024 തീയതിയിലെ 11015/1/2023 ACU(T)-Part (1) നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
2. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 01.07.2024 തീയതിയിലെ ഡിഇഎസ്/2528/2024-AGC1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പതിനൊന്നാം കാർഷിക സെൻസസിന്റെ 23.04.2024 തീയതിയിൽ ചേർന്ന സ്റ്റേറ്റ് ലെവൽ കോഡിനേഷൻ കമ്മിറ്റി യോഗം, അഗ്രികൾച്ചർ സെൻസസ് 2021-22 ന്റെ ഒന്നാം ഘട്ട ഡാറ്റ അംഗീകരിക്കുകയും, വിവരം ഗവൺമെന്റ് ഓഫ് ഇന്ത്യയെ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാർ അഗ്രികൾച്ചർ സെൻസസ് 2021-22 ഒന്നാം ഘട്ട ഡാറ്റയ്ക്ക് അംഗീകാരം നൽകുകയും രണ്ടും മൂന്നും ഘട്ട ഫീൽഡ് പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. തുടർ ന്ന്, രണ്ടും മൂന്നും ഘട്ട സർവേകളുടെ വിവരശേഖരണം പൂർത്തിയാകുമ്പോൾ സർവേ നടത്തിയ ഉദ്യോഗസ്ഥർക്ക് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള ഹോണറേറിയം വിതരണം ചെയ്യുന്നതിന് രണ്ടാം ഘട്ട സർവേ നടത്തേണ്ടതായ 3898 വാർഡുകൾക്ക് വാർഡ് ഒന്നിന് 4600/- രൂപ നിരക്കിൽ ആകെ 1,79,30,800/- രൂപയും, മൂന്നാം ഘട്ട സർവേ നടത്തേണ്ടതായ 1364 വാർഡുകൾക്ക് വാർഡ് ഒന്നിന് 3600/- രൂപ നിരക്കിൽ ആകെ 49,10,400/- രൂപയും ഉൾപ്പെടെ ആകെ 2,28,41,200/- രൂപയുടെ ഭരണാനുമതിയും, പ്രസ്തുത തുക 2024-25 സാമ്പത്തിക വർഷം 2401-00-111-99-00-34-00 (P-V 100% CSS) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുവാദവും നൽകണമെന്ന് പരാമർശം (2)

പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനൊന്നാം കാർഷിക സെൻസസിന്റെ ഒന്നാം ഘട്ട വിവര ശേഖരണത്തിന് ചെലവായ മുഴുവൻ തുകയും കേന്ദ്ര സർക്കാരിൽ നിന്നും പ്രതിപുരണം ചെയ്ത് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഒന്നാം ഘട്ട വിവര ശേഖരണത്തിന് ചെലവായ മുഴുവൻ തുകയും കേന്ദ്ര സർക്കാരിൽ നിന്നും പ്രതിപുരണം ചെയ്തതിനു ശേഷം മാത്രമേ രണ്ടും മൂന്നും ഘട്ട വിവര ശേഖരണത്തിന് ഹോണറേറിയം അനുവദിച്ചു നൽകുകയുള്ളു എന്ന വ്യവസ്ഥയിൽ കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം രണ്ടും മൂന്നും ഘട്ട വിവര ശേഖരണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C M AJAYAMOHAN

സ്പെഷ്യൽ സെക്രട്ടറി

1 ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
4. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യ മീഡിയ)
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ